പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3599 | 20/06/2018 ൽ മറുപടി<br>നല്കേണ്ടത്. |
| --- | --- |

**ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കൽ തടയുവാൻ നടപടി**

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | **ശ്രീ.പി.കെ. ശശി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നാളിതുവരെ ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ ജീവന് തന്നെ ഭീഷണി ആകുന്ന വിധത്തിലുള്ള മായം ചേർക്കൽ, വൃത്തിഹീനമായ പരിസരം തുടങ്ങിയവ കണ്ടെത്തിയതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പിഴയിനത്തിൽ ഈടാക്കിയ തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാവകുപ്പ് പിഴയിനത്തിൽ ഈടാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | പിഴയിനത്തിൽ ഈടാക്കിയ തുക |
| --- | --- | --- |
| 1 | തിരുവനന്തപുരം | 42,83,500 |
| 2 | കൊല്ലം | 16,99,000 |
| 3 | പത്തനംതിട്ട | 27,63,450 |
| 4 | ആലപ്പുഴ | 26,41,600 |
| 5 | കോട്ടയം | 20,42,500 |
| 6 | ഇടുക്കി | 4,96,000 |
| 7 | എറണാകുളം | 6,65,000 |
| 8 | തൃശ്ശൂർ | 15,51,600 |
| 9 | പാലക്കാട് | 5,20,000 |
| 10 | മലപ്പുറം | 12,71,500 |
| 11 | കോഴിക്കോട് | 5,80,000 |
| 12 | വയനാട് | 5,13,000 |
| 13 | കണ്ണൂർ | 18,90,000 |
| 14 | കാസറഗോഡ് | 5,52,500 |
| | ആകെ | 2,14,69,650 |

| | | | |
|---|---|---|---|
| ബി) | ഇത്തരത്തിൽ ഒന്നിൽക്കൂടുതൽ തവണ പിഴയീടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് എന്നന്നേക്കുമായി റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | ബി) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ഭക്ഷ്യ ഉത്പന്നങ്ങളിൽ ജീവന് തന്നെ ഭീഷണിയാകുന്ന പ്രസർവേറ്റീവുകളും ആർട്ടിഫിഷ്യൽ കളറുകളും ബേക്കറി ഉത്പന്നങ്ങളിൽ ട്രാൻസ്ഫാറ്റി ആസിഡ്, സാക്കറിൻ തുടങ്ങിയവയും ചേർത്ത് വിപണനം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടുവോ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ ഇത്തരം വിപണനം തടയുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു വെന്ന് വ്യക്തമാക്കുമോ? | ഡി) | ഭക്ഷ്യപദാർത്ഥങ്ങളിൽ ഉപയോഗിക്കുന്ന രുചി വർദ്ധക വസ്തുക്കൾ ( പ്രിസർവേറ്റീവുകൾ , കൃത്രിമ കളറുകൾ, ട്രാൻസ്ഫാറ്റി ആസിഡ്, സാക്കറിൻ തുടങ്ങിയവ) ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രകാരം ഏതൊക്കെ ഭക്ഷണ പദാർത്ഥങ്ങളിൽ നിശ്ചിത അളവുകളിൽ ഉപയോഗിക്കാമെന്നും ഏതിലൊക്കെ ഉപയോഗിക്കാമെന്നും ഏതിലൊക്കെ ഉപയോഗിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ച് എൻ. എ. ബി. എൽ അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ പരിശോധനനടത്തി രുചി വർദ്ധക വസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നടപടി സ്വീകരിക്കാറുണ്ട്. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഭക്ഷണപദാർത്ഥങ്ങളിൽ രുചി വർദ്ധക വസ്തുക്കൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആ വിവരം ഇത്തരം സ്ഥാപനങ്ങളിൽ കർശനമായി പ്രദർശിപ്പിക്കണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ